# പതിമൂന്നാം കേരള നിയമസഭ

**പതിനൊന്നാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 511**
**10.06.2014 ലെ മറുപടിക്ക്**

<u>ആസ്തി വികസന ഫണ്ടിന്റെ വിനിയോഗത്തിലെ കാലതാമസം</u>

**ചോദ്യം**
**ശ്രീ. ജയിംസ് മാത്യൂ എം.എൽ.എ**

**ഉത്തരം**
**ശ്രീ.കെ.എം.മാണി**
(ബഹു.ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | എം. എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടിന്റെ വിനിയോഗത്തിലെ കാലതാമസം ഒഴിവാക്കാൻ നിർദ്ദേശിക്കപ്പെട്ട പ്രവൃത്തിക്കുള്ള ഭരണാനുമതി അതാത് ജില്ലകളിൽ നിന്ന് തന്നെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ; | ആസ്തി വികസന ഫണ്ട് വിനിയോഗം സംബന്ധിച്ച 11.06.2012 ലെ സ.ഉ.(പി) നം.332/2012/ധന പ്രകാരം ആസ്തി വികസനപദ്ധതിയിൻ കീഴിൽ നിർദ്ദേശിക്കപ്പെടുന്ന പ്രവൃത്തികൾക്ക് ധനവകുപ്പിന്റെ അനുമതിയോടെ ബന്ധപ്പെട്ട ഭരണവകുപ്പാണ് ഭരണാനുമതി പുറപ്പെടുവിക്കേണ്ടത്. ഈ വ്യവസ്ഥയിൽ തൽക്കാലം മാറ്റം വരുത്താനാവില്ല. |
| (ബി) | നിർദ്ദേശിച്ച പ്രവൃത്തിക്കായി സമർപ്പിച്ച എസ്റ്റിമേറ്റുകൾ ഭരണാനുമതിയും, സാങ്കേതികാനുമതിയും ലഭിക്കുമ്പോഴേക്കും കൂലിയിനത്തിൽ വരുന്ന ചെലവും ജോലിക്കാവശ്യമായ വസ്തുക്കളുടെ വിലക്കയറ്റവും കാരണം ജോലി കരാറെടുക്കാൻ കരാറുകാർ വൈമുഖ്യം കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ആസ്തി വികസനപദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം നിലവിലെ ഷെഡ്യൂൾ ഓഫ് റേറ്റ് അനുസരിച്ചാണ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. എസ്റ്റിമേറ്റ് തയ്യാറാക്കി ധനവകുപ്പിന്റെ അനുമതിയോടെ ഭരണാനുമതി നൽകി കാലവിളംബം കൂടാതെതന്നെ പ്രവൃത്തി ആരംഭിക്കുവാൻ ധനവകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്. ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കുന്നതിന് കാലതാമസം വരുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| (സി) | ഉണ്ടെങ്കിൽ അതിനെന്തെങ്കിലും പരിഹാരം നിർദ്ദേശിക്കുമോ? | |

**സെക്ഷൻ ഓഫീസർ**